പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3178 | 22.06.2012 ൽ മറുപടിയ്ക്ക് |
|---|---|

ഐ.സി. ഡി. എസ്.ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഐ. സി. ഡി. എസ്. ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുളളത്; | (എ) സംയോജിത ശിശുവികസന സേവന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന രീതിയിൽ സൂപ്പർവൈസർമാരും പ്രോജക്ട് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരും ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർമാരും സംസ്ഥാനതല ഉദ്യോഗസ്ഥരും ഉണ്ട്. അംഗൻവാടിതലത്തിലെ പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തുന്നതിനും വിവിധ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നതും കൈവരിക്കുന്നതുമായ നേട്ടങ്ങളുടെ അന്തരം കുറയ്ക്കുന്നതിനുമുള്ള വളരെ പ്രയോജന പ്രദമായ ഒരു രേഖയാണ് പ്രതിമാസ പുരോഗതി റിപ്പോർട്ട്. ഓരോ മാസവും അംഗൻവാടിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിൽ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സെക്ടർതല മീറ്റിംഗിൽ സൂപ്പർവൈസർക്ക് നൽകുകയും സൂപ്പർവൈസർ ആയത് ക്രോഡീകരിച്ച് ശിശുവികസന പദ്ധതി ഓഫീസർക്ക് |

| | | |
|---|---|---|
| | | നൽകുകയും ചെയ്യുന്നു. അംഗൻവാടിയിലെ രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഈ പ്രതിമാസ പുരോഗതി റിപ്പോർട്ട് പ്രോജക്ട് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ ക്രോഡീകരിച്ച് അടുത്തമാസം 1-ാമത്തെ പ്രവൃത്തിദിവസം ജില്ലാതല പ്രോഗ്രാം ഓഫീസർമാർ മുഖേന സാമൂഹ്യക്ഷേമ ഡയറക്ടർക്ക് നൽകുന്നു. ഇതു കൂടാതെ സെക്ടർതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം നടത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കർമ്മ പരിപാടികളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) പ്രസ്തുത കർമ്മ പരിപാടികളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ പ്രത്യേകം ഐസിഡിഎസ് സെക്ഷനും ജില്ലാതലങ്ങളിൽ സെല്ലുകളും പ്രവർത്തിക്കുന്നു. |
| (സി) | ഇതിനായി സംസ്ഥാന-ജില്ലാ തലങ്ങളിൽ സെല്ലുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിലവിൽ സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ